EXTENSION OF ELECTRIC LINES

*94. (17) **Sri. M. Varki :** Will the hon. Minister for Public Works be pleased to state.—

(*a*) whether under the rental basis consumer has to pay the rent in addition to the usual current charges ; and

(*b*) whether it is the policy of the Department to extend elecric lines wherever the parties are prepared to give the minimum guarantee ?

Minister for Public Works **(Sri. G. Chandrasekhara Pillai) :**

(*a*) Yes. The rental and current charges are distinctly different items.

(*b*) Line extensions which are sufficiently remunerative either normally or on guarantee basis are taken up, subject to availability of funds and materials each year.

TIMBER FOR SCHOOLS

*95. (18) **Sri. M. Varki :** Will the hon. Minister for Education and Revenue be pleased to state.—

whether it is the policy of the Government to sanction necessary quantity of timber at seigniorage rate for the construction of school buildings ?

Minister for Education and Revenue **(Sri. L. M. Pylee) :**

Government have sanctioned a scheme explaining Government's policy on the matter. According to that scheme timber is being supplied for the construction of schools. Government are collecting only the necessary working charges.

കുടിപാർപ്പ്

*൯൩. (൧൯) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

കുടി പാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്തവരുടെ വല്ല കണക്കും (എത്ര പേർ ഉണ്ടെന്നു) ഗവൺമെൻറിൽനിന്നും എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ തിരുവിതാംകൂർ വിഭാഗത്തിൽ അങ്ങിനെയുള്ള എത്ര അളുകൾ ഉണ്ട്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) :

(എ) ഉണ്ടു.

(ബി) തിരുവിതാംകൂർ വിഭാഗത്തിൽ ൧൬,൦൫൫ കുടുംബങ്ങൾ ഉണ്ടു.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചേർത്തലതാലൂക്കിൽ മാത്രം ൫൦,൦൦൦–ൽ ചിലപ്പോൾ അളുകൾ ഉണ്ടെന്നല്ലേ റിപ്പോർട്ട കിട്ടിയിരിക്കുന്നതു?

ശ്രീ. എൽ. എം. പൈലി: ചേർത്തല താലൂക്കിനെസംബന്ധിച്ചുമാത്രം ഒരു കണക്കു ഇവിടെ കാണുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: കുടിപാർപ്പിനു സ്വന്തമായി സ്ഥലമില്ലാത്ത എത്തെല്ലാം അളുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയാമോ?

Sri. L. M. Pylee: The definition of homeless family is as follows.—

"One who has no house and is unable to provide one. One who has no land or site in his name. If a man for him or for his wife or a woman for her or for her husband has any land or any means to build a house it will not be considered."

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: പുറംപോക്ക സ്ഥലങ്ങളിൽ കൈയേറിയവരുടെ എണ്ണം എത്രയുണ്ടെന്നു പറയാമോ?

Sri. L. M. Pylee: That has nothing to do with this question.

പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ

*൯ ൭. (൨ ൦) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്ക് സർവീസിൽ ജനസംഖ്യക്കണക്കിനു പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ പട്ടികജാതിക്കാരൊഴിച്ച് ഏതെല്ലാം;

(ബി) സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളിലും കോളേജുകളിലും മേൽപ്രസ്താവിച്ച കണക്കിൻപ്രകാരം പ്രാതിനിദ്ധ്യക്കുറവുള്ള സമുദായങ്ങൾ ഏതെല്ലാം? (പട്ടികജാതിക്കാരൊഴിച്ച്)

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

എ-യും, ബി-യും, പുതിയ ഭരണഘടനഅനുസരിച്ച് സർക്കാർസർവ്വീസിലേക്കുള്ള നിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളെസംബന്ധിച്ചുമുള്ള വ്യവസ്ഥകളിൽ ഒരു വ്യത്യാസക്കാർക്കും അവരുടെ സമുദായിക പ്രാതിനിദ്ധ്യം അനുവദിക്കുന്നില്ല. എന്നാൽ പട്ടികജാതിക്കാർക്കുമാത്രം സംവരണം വേണമെന്നുള്ളതുകൊണ്ട് അതുസംബന്ധിച്ച് പര്യാലോചന നടത്തുന്നതിനു ഒരു പ്രത്യേക കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ പട്ടികജാതിക്കാരുടെ പേരു് അതിൽ കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഒരു ജാതിക്കാരുടേയും പേർ അതിൽ കൊടുത്തിട്ടില്ല.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ചോദ്യത്തിൻറെ (ബി) ഭാഗത്തെക്കുറിച്ച് അതായതു് സാങ്കേതികവിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള ഉത്തരം കിട്ടിയില്ല.

ശ്രീ. സി. കേശവൻ: പബ്ലിക്കുസർവ്വീസിനെ സംബന്ധിച്ചും സാങ്കേതികസ്ഥാപനങ്ങളെസംബന്ധിച്ചും വേണ്ട അന്വേഷണങ്ങൾ നടത്താനാണ് കമ്മിറ്റിയെ നിയമിച്ചിരിക്കുന്നതു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിറ്റി ഏതെല്ലാം കാര്യങ്ങളെക്കുറിച്ചന്വേഷണം നടത്തണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. സി. കേശവൻ: • വ്യവസ്ഥയുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ആ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Sri. K. Ramachandran: Are we to understand that Government will never give any safeguard for the interests of minority communities in future?

Sri. C. Kesavan: I explained the whole matter on the first day in reply to a question. Minority communities can only be classified after examination of their position in public service and in the matter of college admission.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ഈ കമ്മിറ്റി ഏതെല്ലാം കാര്യങ്ങൾ പര്യാലോചിക്കണമെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly